(ബി) നിർദ്ദിഷ്ട സമയത്ത് ആവശ്യമായ സ്ഥലം കേന്ദ്ര ഗവൺമെൻറിന് കൈമാറുവാൻ സാധിക്കുമെന്ന് ഗവൺമെൻറ് കരുതുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രതിബന്ധങ്ങളൊന്നുമില്ലെങ്കിൽ 1991 ജൂലൈ മാസത്തിൽ ഭൂമി പൊന്നും വിലക്കെടുക്കുന്ന നടപടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി ലഭിച്ച സ്ഥിരം നിയമനങ്ങൾ

26 [2217] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെൻറ് അധികാരമേറ്റശേഷം 1987 മുതൽ 1991 ഫെബ്രുവരി വരെ ഏതെല്ലാം വകുപ്പുകളിലാണ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന സ്ഥിരം നിയമനങ്ങൾ നടത്തിയതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

1987 ഏപ്രിൽ മുതൽ 1990 ജൂലൈ 31 വരെ 50,362 പേർക്ക് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുവഴി ജോലി നൽകിയിട്ടുണ്ട്. ഇതിൽ സ്ഥിരവും താൽക്കാലികവും ഉൾപ്പെടും. വേർതിരിച്ചുള്ള കണക്കും വകുപ്പ് തിരിച്ചുള്ള കണക്കും പ്രത്യേകം ശേഖരിച്ചിട്ടില്ല.

ഗൾഫ് മേഖലയിൽ കേരളീയർക്ക് തൊഴിൽ ലഭ്യമാക്കാൻ നടപടി

28 [2220] ശ്രീ. എം. ജെ. സക്കറിയ:
,, ഇസ്ഹാക്ക് കുരിക്കൾ:
,, സി. ടി. അഹമ്മദ് അലി:
,, ഇ. അഹമ്മദ്:
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിലെ പുനർ നിർമ്മാണ ജോലിയിൽ കേരളത്തിലെ തൊഴിലാളികൾക്ക് ജോലി ലഭിക്കുവാൻ ഉള്ള സാദ്ധ്യതയെപ്പറ്റി ഗവൺമെൻറ് വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ;

(ബി) ഓ. ഡി. ഇ. പി. സി. ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു;

(സി) എത്ര പേർക്ക് ജോലി ലഭിക്കുവാൻ സാദ്ധ്യതയുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly